ണെങ്കിൽ, അദ്ദേഹം സംഗതമായ ആ കടലാസ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്'' എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങൾ പറഞ്ഞു. അതുകൊണ്ട് മുഖ്യമന്ത്രിയാണ് അത് മേശപ്പുറത്ത് വയ്ക്കേണ്ടത്. ശ്രീ. എം. വി. ജയരാജൻ മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യം രൂപ പ്രകാരമില്ല.

മി. സ്പീക്കർ: ഒരു രേഖ ഉദ്ധരിച്ച് ഒരാൾ സംസാരിക്കുകയും രേഖയുടെ കണ്ടൻസിനെക്കുറിച്ച് കുറച്ചുകൂടി വ്യത്യസ്തമായ നിലയിൽ മുഖ്യമന്ത്രി പറയുകയും ചെയ്ത സാഹചര്യത്തിൽ, ആരുടെ ഭാഗമാണോ തെളിയിക്കേണ്ടത് അവർ ആ രേഖ ഹാജരാക്കണം. അല്ലെങ്കിൽ അതിന്റെ presumption എന്താണെന്ന് എല്ലാവർക്കും അറിയാം. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ അടയ്ക്ക കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കേരളത്തിലെ കാർഷിക വരുമാനത്തിൽ ഗണ്യമായ സംഭാവനയാണ് കമുക് കൃഷിക്കാരുടേത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിലാണ് കമുക് കൃഷി വ്യാപകമായിട്ടുള്ളത്. അതിൽത്തന്നെ കാസർഗോഡ്, കോഴിക്കോട് ജില്ലകളുടെ കാർഷികവരുമാനത്തിൽ യഥാക്രമം 40 ശതമാനവും 25 ശതമാനവും വരുമാനം കമുക് കൃഷിയിൽ നിന്നുമാണ് ഏതാനും വർഷങ്ങൾക്കുമുമ്പുവരെ ലഭിച്ചുകൊണ്ടിരുന്നത്. കിലോഗ്രാമിന് 150 രൂപ വരെ ലഭിക്കുമായിരുന്ന അടയ്ക്കക്ക് ഇപ്പോൾ 45 രൂപ മാത്രമാണ് ലഭിക്കുന്നത്. കാർഷിക വില നിർണ്ണയ കമ്മീഷൻ കണക്കാക്കിയ ഉല്പാദനച്ചെലവ് കിലോഗ്രാമിന് 72 രൂപയാണ്. ഉല്പാദനച്ചെലവിനേക്കാൾ 27 രൂപ കുറച്ചാണ് കമ്പോളവില ലഭിക്കുന്നത്. എന്നാൽ ഇതുമാത്രമല്ല കമുക് കൃഷിക്കാരുടെ പ്രശ്നങ്ങൾ. രോഗകീടബാധമൂലം കമുക് കൃഷി വലിയ ഭീഷണിയെ നേരിടുകയാണ്. കോഴിക്കോട് ജില്ലയിലെ പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കൊടിയത്തൂർ, മുക്കം എന്നീ പഞ്ചായത്തുകളിൽ കമുകിൻ തോപ്പുകളിൽ വൻതോതിൽ മഞ്ഞളിപ്പുരോഗം ബാധിച്ച് കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. പുതുപ്പാടി പഞ്ചായത്തിലെ കമുക് കൃഷി മിക്കവാറും നശിച്ചുകഴിഞ്ഞു എന്നുതന്നെ പറയാം. കോടഞ്ചേരി, കൂടരഞ്ഞി പഞ്ചായത്തുകളിലെ പകുതിയോളം തോട്ടങ്ങളിൽ രോഗം ബാധിച്ചുകഴിഞ്ഞു. ഇലകളിൽ പ്രത്യക്ഷമാകുന്ന മഞ്ഞനിറം ക്രമേണ വ്യാപിച്ച് കവുങ്ങിന്റെ തലപ്പുകൾ ശോഷിച്ച് നശിക്കുമ്പോഴാണ് രോഗം പ്രത്യക്ഷമാകുന്നത്. ഈ രോഗം ബാധിച്ച കവുങ്ങിന്റെ ഉല്പാദനം ഒന്നുരണ്ടു വർഷം കൊണ്ട് പൂർണ്ണമായും നിലച്ചുപോകുകയാണ് ചെയ്യുന്നത്. രോഗം ബാധിച്ചുകഴിഞ്ഞാലുണ്ടാകുന്ന അടയ്ക്ക ഗുണനിലവാരമില്ലാത്തതും കമ്പോളത്തിൽ വിപണന സാദ്ധ്യതയില്ലാത്തതുമായി മാറുകയാണ്. വർഷങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നുവരുന്ന ഈ രോഗബാധയ്ക്ക് യാതൊരുവിധ പ്രതിവിധിയും ശാസ്ത്രലോകത്തിന് നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ കവുങ്ങ് കൃഷിയെ പാടെ നശിപ്പിക്കാൻ പോകുന്ന ഈ മാരക വിപത്തിനെതിരെ കേന്ദ്ര സംസ്ഥാന സർക്കാരുകളും ചെറുവിരൽപോലും അനക്കിയിട്ടില്ല. അതിനുപുറമേ ഇപ്പോൾ വെട്ടുകിളി ഇനത്തിൽപ്പെടുന്ന പച്ചതുള്ളന്റെ ആക്രമണവും കൂടിയായപ്പോൾ കവുങ്ങ് കൃഷിയെ മുഖ്യമായും ആശ്രയിച്ച് കഴിയുന്ന ആയിരക്കണക്കിന് കൃഷിക്കാർ അങ്ങേയറ്റം ഉൽക്കണ്ഠാകുലരാണ്. ഈ പരിതസ്ഥിതിയിൽ സംസ്ഥാന സർക്കാർ കാസർഗോഡ് ജില്ലയ്ക്കായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് സംസ്ഥാനത്തെ മുഴുവൻ കവുങ്ങ് കൃഷിക്കാർക്കും ബാധകമാക്കണം. കൂടാതെ മഞ്ഞളിപ്പ് രോഗം ബാധിച്ചിട്ടുള്ള കവുങ്ങ് വെട്ടിമാറ്റുന്നതിന് കവുങ്ങ് ഒന്നിന് 500 രൂപ വീതം നഷ്ടപരിഹാരം നൽകണം. രോഗം ബാധിച്ച കവുങ്ങുകൾ വെട്ടിമാറിയ കൃഷിഭൂമി വീണ്ടും നെൽപ്പാടങ്ങളാക്കി മാറ്റുന്നതിനുള്ള മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കുന്നതിനും രോഗബാധമൂലം കൃഷി നശിച്ച കവുങ്ങ് കൃഷിക്കാർ എടുത്ത കാർഷിക വായ്പ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം. അവശേഷിക്കുന്ന കവുങ്ങ് തോട്ടങ്ങളിൽ വാണിജ്യ ഉൽപ്പാദനമുള്ള ഇടവിള കൃഷിക്ക് സബ്സിഡിയും മറ്റ് പ്രോത്സാഹനങ്ങളും ഏർപ്പെടുത്തുകയും കവുങ്ങ് കൃഷിയിൽ നിന്നും മറ്റ് കൃഷിയിലേക്ക് മാറിവരുമ്പോഴുണ്ടാകുന്ന പ്രാരംഭ ചെലവുകൾക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യണം. അടയ്ക്കയുടെ വ്യാവസായികാവശ്യങ്ങൾ കണ്ടെത്തുന്നതിനും വിപുലീകരിക്കുന്നതിനും പാക്കേജ് പദ്ധതികൾ ഏർപ്പെടുത്തുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗവേഷണം ഊർജ്ജിതപ്പെടുത്തി ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും സംസ്ഥാന സർക്കാർ മുൻകൈ എടുക്കണം. കണ്ണീരും കഷ്ടപ്പാടുമായി കഴിയുന്ന കവുങ്ങ് കൃഷിക്കാരെ സഹായിക്കാൻ ആശ്വാസ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അടയ്ക്കയുടെ വിലകുറയുന്നത് തടയുന്നതിനും, കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും 30-10-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 221/04 എ.ഡി. പ്രകാരം 1-2-2005-മുതൽ 23-5-2005-വരെ കാംപ്കോ വഴി 9133 കർഷകരിൽ നിന്നും 59,828 ക്വിന്റൽ അടയ്ക്ക സംഭരിച്ചു. ഇതിന്റെ സബ്സിഡി തുകയിനത്തിൽ അഞ്ച് കോടി രൂപയും കാംപ്കോയ്ക്ക് നൽകി കഴിഞ്ഞു. ബാക്കി അൻപത്തിനാല് ലക്ഷത്തിഅറുപതിനായിരത്തിഅൻപത്തിനാല് രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിലോഗ്രാമിന് മാർക്കറ്റ് വിലയേക്കാൾ പരമാവധി പത്ത് രൂപ വരെ അധികം നൽകിയാണ് അടയ്ക്ക സംഭരിക്കുന്നത്. കൂടാതെ സർക്കാരിന്റെ പ്രത്യേക പാക്കേജ് പദ്ധതി പ്രകാരം അനുവദിച്ച 9.5 കോടി രൂപ വിനിയോഗിച്ച് 17-2-2003 മുതൽ 30-8-2003 വരെ വിവിധ ജില്ലകളിൽ നിന്നായി 94,998 ക്വിന്റൽ അടയ്ക്ക കാംപ്കോ സംഭരിക്കുകയുണ്ടായി. അതുപോലെ സംസ്ഥാനത്ത് കവുങ്ങ് കൃഷിയെ സാരമായി ബാധിച്ചിരിക്കുന്ന മഞ്ഞളിപ്പ് രോഗനിവാരണത്തിനായി 49.55 കോടി രൂപയുടെ ഒരു പദ്ധതിയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ശൈശവാവസ്ഥയിലുള്ള കവുങ്ങുകൾക്ക് മെച്ചമായ പരിചരണവും രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണവുമാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. രോഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. കൂടാതെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് തുടങ്ങിയ വടക്കൻ ജില്ലകളിൽ മഞ്ഞളിപ്പ് രോഗം തടയുന്നതിന് Macro Management പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ 2004-2005-ൽ അനുവദിച്ച 280 ലക്ഷം രൂപ നടപ്പുവർഷം ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളെടുത്തുവരുന്നു. വരൾച്ചമൂലം കവുങ്ങ് കൃഷിക്ക് നാശം സംഭവിച്ചവർക്ക് കായ്ഫലമുള്ള ഒരു കവുങ്ങിന് 90 രൂപയും കായ്ഫലമില്ലാത്ത കവുങ്ങിന് 60 രൂപയും നിരക്കിൽ നഷ്ടപരിഹാരം നൽകും.

ശ്രീ. വി. കെ. സി. മമ്മത് കോയ: കവുങ്ങ് കൃഷി നശിച്ചിട്ടുള്ള സ്ഥലങ്ങളിൽ വീണ്ടും ഈ കൃഷി ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആ കൃഷി പ്രദേശത്ത് മറ്റ് കൃഷികൾ ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കവുങ്ങ് കൃഷി നടത്തുന്നിടത്ത് അത് വെട്ടിമാറ്റി പുതിയ കൃഷി ചെയ്യുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അതിപ്പോൾ നിലമാക്കണമെന്നുള്ള നിർബന്ധമൊന്നുമില്ല. കരഭൂമിയായിട്ടുതന്നെ കൃഷി ചെയ്യാം. അത് നിലമാക്കിയെടുക്കുന്നത് അനാവശ്യമായ കാര്യമാണ്. അതുകൊണ്ട് ആ വിധത്തിലുള്ള സൗകര്യങ്ങൾ വേണമെന്നില്ല. മറ്റ് കൃഷികൾ കൊടുക്കുന്നതിനേക്കാൾ ആ കൃഷിക്ക് കൊടുക്കുന്നതായിട്ടുള്ള ആനുകൂല്യം കിട്ടുകയും ചെയ്യും.

(2) കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളുടെ വികസനം

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യ പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ സജീവ ശ്രദ്ധ ക്ഷണിക്കുകയാണ്. മഞ്ചേശ്വരം സർക്കാർ ആശുപത്രി വളരെ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. ആ ആശുപത്രിയിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. എം. എൽ. എ. ഫണ്ട് വിനിയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് അടക്കമുള്ള കാര്യങ്ങൾ ചെയ്തു കൊടുത്തു. എന്നാൽ അവിടെ ആവശ്യമായ ഡോക്ടർമാരും സ്റ്റാഫും മറ്റ് സൗകര്യങ്ങളുമില്ലാത്തതുകൊണ്ട് അവിടുത്തെ ജനങ്ങൾ വലിയ പ്രയാസമനുഭവിക്കുകയാണ്. മൽസ്യത്തൊഴിലാളി മേഖലയായ പാവപ്പെട്ടയാളുകൾ അധിവസിക്കുന്ന ആ പ്രദേശത്തെ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ സംവിധാനങ്ങൾ ഇല്ലാതായിരിക്കുന്നു. പാവപ്പെട്ടവരുടെ ആശാകേന്ദ്രമായി പ്രവർത്തിക്കുന്ന ആശുപത്രിയെന്ന നിലയിൽ അവിടെ ആവശ്യമായ ഡോക്ടറേയും മറ്റ് സ്റ്റാഫിനേയും നിയമിച്ച് രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വളരെ പാവപ്പെട്ടവർ തമേസിച്ചുവരുന്ന മംഗൽപാടി, പെർള, ആരിക്കോട് ഫിഷറീസ്, ചെങ്കള തുടങ്ങിയ പ്രൈമറി ഹെൽത്ത് സെൻറുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. മുൻമന്ത്രി ശ്രീ. കടവൂർ ശിവദാസൻ വിളിച്ചുചേർത്ത യോഗത്തിൽ ഈ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ ശുപാർശകൾ നടത്തിയിരുന്നതാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ചെമ്മട്ടം വയലിൽ ആരംഭിച്ച കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. ജില്ലാ ആശുപത്രി നേരത്തെ പ്രവർത്തിച്ചിരുന്ന കാഞ്ഞങ്ങാട് ടൗണിലുള്ള പഴയ

LIBRARY ARCHIVES Kerala Legislative Assembly